പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2972 — 21-08-2017-ലെ മറുപടിയ്ക്ക്

**ജൈവവള വിതരണപദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.ശർമ്മ** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയ്ക്ക് പ്രോത്സാഹനം നൽകുന്നതിനായി ജൈവവളം വിതരണം ചെയ്യുന്നതിനുള്ള എന്തെങ്കിലും പദ്ധതി നടപ്പാക്കി വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കൃഷിവകുപ്പ് നേരിട്ട് കർഷകർക്ക് ജൈവവളം വിതരണം ചെയ്യുന്നില്ല. എന്നാൽ കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും, കർഷകർക്ക് വിതരണം ചെയ്യുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ജൈവവള ഉൽപ്പാദനത്തിനായി കൃഷിവകുപ്പ് വിവിധ പദ്ധതികൾ മുഖേന ധനസഹായം നൽകി വരുന്നുണ്ട്. |
| (ബി) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ കർഷക ക്ലബ്ബുകൾ, കൃഷി സമാജങ്ങൾ എന്നിവിടങ്ങളിൽ ജൈവവളം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാമോ? | (ബി) | വൈപ്പിൻ മണ്ഡലത്തിൽ പൊക്കാളി കൃഷിയാണ് മുഖ്യമായും നടത്തി വരുന്നത്. പൊക്കാളി കൃഷിക്ക് വളപ്രയോഗത്തിന്റെ ആവശ്യമില്ല. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതങ്ങളിൽ ഉൾപ്പെടുത്തിയാണ് ജൈവവളം വിതരണം ചെയ്യുന്നത്. ക്ലബ്ബുകൾക്കും, കൃഷി സമാജങ്ങൾക്കും ജൈവവളം വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**